**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1972 — 16.02.2016-ൽ മറുപടിയ്ക്ക്

**വിജിലൻസ് അന്വേഷണം**

| | **ചോദ്യം**<br>ശ്രീ.വി.ശിവൻകുട്ടി | | **മറുപടി**<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ; | (എ) | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഴിമതി അരോപണം സംബന്ധിച്ചും, ഇല്ലാത്ത തസ്തികകളിൽ ചട്ട വിരുദ്ധമായി നിയമനം നടത്തുന്നു, താൽക്കാലികമായി ജോലി നോക്കി വരുന്നവരെ യാതൊരു മാനദണ്ഡവും പാലിക്കാതെ സ്ഥിരപ്പെടുത്തുന്നു തുടങ്ങിയ ആരോപണങ്ങൾ സംബന്ധിച്ചും വിജിലൻസ് & ആന്റി- കറപ്ഷൻ ബ്യൂറോ ക്യൂ.വി.20/14/എസ്.ഐ.യു-II നമ്പരായി സത്വരാന്വേഷണം നടത്തി വരുന്നു. കൂടാതെ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ 2012-14 കാലയളവിലെ നിയമനങ്ങളുമായി ബന്ധപ്പെട്ടും, പരസ്യം നൽകിയതുമായി ബന്ധപ്പെട്ടും ഉള്ള ആരോപണങ്ങളിൽ മേൽ നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ വി.സി.7/2015/എസ്. ഐ.യു-II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതു വിഷയങ്ങളെ സംബന്ധിച്ചാണ് അന്വേഷണം നടന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | |
| (സി) | ഇതുമായി ബന്ധപ്പെട്ട് കൗൺസിലിലോ, ശാസ്ത്ര സാങ്കേതിക വകുപ്പിലോ വിജിലൻസ് ഉദ്യോഗസ്ഥർ തെളിവെടുപ്പ് നടത്തിയോ എന്നും ഏതെങ്കിലും ഫയലുകൾ അന്വേഷണത്തിനായി കൊണ്ടുപോയിട്ടുണ്ടോ എന്നും വിശദമാക്കുമോ? | (സി) | വിജിലൻസ് കേസിന്റെ (വി.സി 7/15/ എസ്. ഐ.യു-II) അന്വേഷണാർത്ഥം തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. അന്വേഷണ ആവശ്യത്തിന് 29 ഫയലുകൾ/രജിസ്റ്ററുകൾ ബന്തവസ്സിൽ എടുത്തിട്ടുണ്ട്. ക്യൂ.വി.20/14/എസ്.ഐ.യു-II മായി ബന്ധപ്പെട്ട് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. അന്വേഷണാർത്ഥം ഫയലുകൾ ഒന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ